**No. 41/2021**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങൾ ഓരോരുത്തരും നമുക്ക് നൽകുന്ന സ്നേഹത്തിനും കരുതലിനും പ്രാർത്ഥനകൾക്കും നമുക്കുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും കൂടാതെ ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന മഹത്തായ ഈ നിയോഗവും ശുശ്രൂഷയും നിർവ്വഹിപ്പാൻ നമുക്ക് കഴിയുന്നതല്ല എന്ന് നാം ഉറച്ച് വിശ്വസിക്കുന്നു. ഇപ്പോൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതായ സ്വീകരണങ്ങൾക്ക് നിങ്ങളേവരോടും നാം ഏറെ കടപ്പെട്ടിരിക്കുന്നു. നിരാലംബരെയും നിരാശ്രയരെയും ബന്ധിതരെയും പീഡിതരെയും അനാഥരെയും വിധവകളെയും ശുശ്രൂഷിപ്പാൻ നമുക്ക് ബാധ്യതയുണ്ട് എന്നുള്ള സത്യം നാം ഒരിക്കലും വിസ്മരിച്ചുകൂടാ. നാം അനാവശ്യമായി ചെലവഴിക്കുന്ന ധനം സമൂഹത്തിലെ അവശതയനുഭവിക്കുന്നവർക്കും കൂടി അർഹതപ്പെട്ടതാണ് എന്ന ബോധ്യം എപ്പോഴും നമ്മിൽ ഉണ്ടാകണം.

വാത്സല്യമക്കളെ, നിങ്ങൾ നമുക്ക് നൽകുന്ന സ്വീകരണങ്ങളിലെ ധാരാളിത്തം അൽപം അധികമാകുന്നുവോ എന്ന് മറ്റ് പലരെയുംപോലെ നമ്മുടെ ഹൃദയത്തിലും ഒരു സന്ദേഹമുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ നമ്മോടുള്ള സ്നേഹം ഒരു റോസാപ്പൂവിൽ ഒതുക്കുന്നു എങ്കിൽ നമുക്ക് അത് ഏറെ സന്തോഷകരമാണ്. സ്വീകരണയോഗങ്ങളിൽ മാലകൾ, കുരിശുകൾ തുടങ്ങി വിലപിടിപ്പുള്ള എല്ലാ ഉപഹാരങ്ങളും ഒഴിവാക്കുവാൻ നാം നിങ്ങളോട് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടുള്ള സ്വീകരണ യോഗങ്ങൾ വളരെ ലളിതമായ രീതിയിൽ നിർവ്വഹിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നു. 2021 ഡിസംബർ മാസം 1-ാം തീയതി മുതൽ ഇടവകതലത്തിലുള്ള സ്വീകരണയോഗങ്ങൾക്കായി ക്ഷണിക്കുന്നത് ഒഴിവാക്കുകയും ഭദ്രാസനതലത്തിലുള്ള സ്വീകരണങ്ങൾ വളരെ ലളിതമായി ചുരുങ്ങിയ രീതിയിൽ മാത്രം ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഇടയിലുള്ള ധൂർത്തും ധാരാളിത്തവും ഒഴിവാക്കി, നമുക്കു ചുറ്റും പ്രയാസമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ആ തുക വിനിയോഗിക്കുവാൻ നാം നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം സ്വീകരണയോഗങ്ങളിലെ ആർപ്പുവിളികൾ കഴിയുന്നിടത്തോളം നിയന്ത്രിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ സഭാമക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 നവംബർ മാസം 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.